# 060/2022-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. മലയാള ഭാഷയും സംസ്കാരവും ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച സംരംഭം :
   - (A) ഭാഷാ മിഷൻ
   - (B) മലയാള വേദി
   - (C) മലയാളം മിഷൻ
   - (D) സർഗ്ഗ കൈരളി

2. മീശ എന്ന നോവൽ രചിച്ചത്?
   - (A) എസ്. സുധീഷ്
   - (B) സുഭാഷ് ചന്ദ്രൻ
   - (C) സന്തോഷ് എച്ചിക്കാനം
   - (D) എസ്. ഹരീഷ്

3. കെ. ഫോൺ പദ്ധതിയെക്കുറിച്ച് ശരിയായ പ്രസ്താവന :
   - (A) എല്ലാ വീടുകളിലും മൊബൈൽ ഫോൺ സേവനം
   - (B) എല്ലാ വീടുകളിലും അതിവേഗ ഇന്റർനെറ്റ് സേവനം
   - (C) എല്ലാ വീടുകളിലും ലാന്റ് ഫോൺ സേവനം
   - (D) എല്ലാ വീടുകളിലും വയർലെസ് സേവനം

4. ആദ്യ പഞ്ചവത്സര പദ്ധതി നടപ്പാക്കിയ വർഷം :
   - (A) 1950
   - (B) 1951
   - (C) 1957
   - (D) 1960

5. കോവിഡ്-19 മായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ :
   - (A) ആരോഗ്യ സേതു
   - (B) ആരോഗ്യ മിത്ര്
   - (C) ആരോഗ്യ പരിപാൽ
   - (D) ആരോഗ്യ മന്ത്ര്

6. കേരള ആരോഗ്യ സർവ്വകലാശാലയുടെ ആസ്ഥാനം :
   - (A) തൃശ്ശൂർ
   - (B) തിരുവനന്തപുരം
   - (C) കൊച്ചി
   - (D) കോഴിക്കോട്

7. അർജ്ജുന അവാർഡ് നേടിയ അങ്കിത റെയ്നയുടെ കായിക ഇനം :
   - (A) ക്രിക്കറ്റ്
   - (B) ഫുട്ബോൾ
   - (C) ടെന്നീസ്
   - (D) കബഡി

8. കുടുംബശ്രീ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ :

(i) ദാരിദ്ര്യ നിർമ്മാർജ്ജനം

(ii) ശിശു പോഷകാഹാരം

(iii) വനിതാ ശാക്തീകരണം

(iv) വായ്പാ വിതരണം

(A) (i) & (ii)
(B) (ii) & (iii)
(C) (iii) & (iv)
(D) (i) & (iii)

9. നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ല :

(A) കോഴിക്കോട്
(B) തൃശ്ശൂർ
(C) പത്തനംതിട്ട
(D) കോട്ടയം

10. ISRO യുടെ ഇപ്പോഴത്തെ ചെയർമാൻ :

(A) എസ്. സോമനാഥ്
(B) കെ. ശിവൻ
(C) കെ. രാധാകൃഷ്ണൻ
(D) ജി. മാധവൻ നായർ

11. വിന്ധ്യാപർവ്വതം മുതൽ ഇന്ത്യൻ ഉപദ്വീപിന്റെ തെക്കേ അറ്റം വരെ വ്യാപിച്ചുകിടക്കുന്ന വിസ്തൃതമായ ഭൂവിഭാഗം :

(A) മാൾവാ പീഠഭൂമി
(B) ഛോട്ടാനാഗ്പൂർ പീഠഭൂമി
(C) ഡക്കാൻ പീഠഭൂമി
(D) പൂർവ്വഘട്ടം

12. താഴെ തന്നിട്ടുള്ളവയിൽ നിന്നും ശരിയായ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തുക :

(i) സൗരോർജ്ജം

(ii) ജൈവവാതകവും സൗരോർജ്ജവും

(iii) കാറ്റിൽ നിന്നുള്ള ഊർജ്ജം

(A) (i)
(B) (i) & (ii)
(C) (i), (ii) & (iii)
(D) ഇവയൊന്നുമല്ല

13. ഇന്ത്യയുമായി കര അതിർത്തി പങ്കുവെയ്ക്കുന്ന അയൽ രാജ്യങ്ങൾ ഏതാണെന്ന് കണ്ടെത്തുക :

(i) ചൈന

(ii) നേപ്പാൾ

(iii) പാക്കിസ്ഥാൻ

(iv) ഭൂട്ടാൻ

(A) (i) & (iv)
(B) (ii) & (iii)
(C) (iv) & (iii)
(D) (i), (ii), (iii) & (iv)

14. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി :

(A) മൗണ്ട് എവറസ്റ്റ്
(B) മൗണ്ട് K2
(C) നന്ദാദേവി
(D) ഇവയൊന്നുമല്ല

15. മണിക്കാരൻ താപോർജ്ജ കേന്ദ്രം സ്ഥിതിചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം :

(A) കർണ്ണാടകം (B) കേരളം

(C) ഗുജറാത്ത് (D) ഹിമാചൽ പ്രദേശ്

16. സിന്ധു, ഗംഗ, ബ്രഹ്മപുത്ര നദികളുടെ എക്കൽ നിക്ഷേപങ്ങൾ മൂലം രൂപപ്പെട്ട ഭൂവിഭാഗം :

(A) ഉത്തരമഹാസമതലം (B) ഇന്ത്യൻ മരുഭൂമി

(C) തീരസമതലങ്ങൾ (D) ഡക്കാൻ പീഠഭൂമി

17. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്നതും വലിപ്പമുള്ളതുമായ സ്റ്റീൽ പ്ലാന്റ് :

(A) ടാറ്റാ അയൺ ആന്റ് സ്റ്റീൽ കമ്പനി (B) ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി

(C) വിശ്വേശ്വരയ്യാ അയൺ ആന്റ് സ്റ്റീൽ കമ്പനി (D) റൂർക്കല സ്റ്റീൽ പ്ലാന്റ്

18. ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശരേഖ :

(A) ഉത്തരായനരേഖ ($23\frac{1}{2}^{\circ}$ N) (B) ദക്ഷിണായനരേഖ ($23\frac{1}{2}^{\circ}$ S)

(C) ആർട്ടിക് വൃത്തം ($66\frac{1}{2}^{\circ}$ N) (D) അന്റാർട്ടിക് വൃത്തം ($66\frac{1}{2}^{\circ}$ S)

19. ഇന്ത്യയിലെ ഏറ്റവും ദൈർഘ്യമേറിയ ദേശീയപാത :

(A) NH-1 (B) NH-44

(C) NH-6 (D) NH-8

20. മുംബൈയെയും മാംഗ്ലൂരിനെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പശ്ചിമതീരത്തുകൂടെ കടന്നുപോകുന്ന പ്രധാന റെയിൽവേ ശൃംഖല :

(A) ഉത്തര റെയിൽവേ (B) ദക്ഷിണ റെയിൽവേ

(C) മെട്രോ റെയിൽവേ (D) കൊങ്കൺ റെയിൽവേ

21. അയിത്ത നിരോധന നിയമം നിലവിൽ വന്ന വർഷം :

(A) 1951 (B) 1953

(C) 1955 (D) 1957

22. പൗരന്മാരെ നിയമവിരുദ്ധമായി തടങ്കലിൽ വെയ്ക്കുന്നതിന് എതിരായി സുപ്രീം കോടതിയും ഹൈക്കോടതികളും പുറപ്പെടുവിയ്ക്കുന്ന ഉത്തരവ് :

(A) ഹേബിയസ് കോർപ്പസ് (B) പ്രൊഹിബിഷൻ

(C) സെർഷ്യോററി (D) മാൻഡമസ്

23. ഇന്ത്യൻ ഭരണഘടന എത്രതരം മൗലികാവകാശങ്ങളാണ് ഉറപ്പ് നല്കുന്നത്?

(A) 9 (B) 8

(C) 7 (D) 6

24. മൗലിക ചുമതലകൾ ഭരണഘടനയിൽ കൂട്ടിച്ചേർത്തത് ഏത് ഭരണഘടനാഭേദഗതിയിലൂടെ ആണ്?

(A) 40-ാം ഭേദഗതി (B) 42-ാം ഭേദഗതി

(C) 44-ാം ഭേദഗതി (D) 46-ാം ഭേദഗതി

25. ഇന്ത്യയുടെ ദേശീയ പതാകയായ ത്രിവർണ്ണ പതാക ഭരണഘടനാ നിർമ്മാണ സമിതി അംഗീകരിച്ചത് എന്ന്?

(A) 1946 ഡിസംബർ 6 (B) 1947 ജൂലൈ 22

(C) 1949 നവംബർ 26 (D) 1950 ജനുവരി 26

26. ഇന്ത്യയുടെ ദേശീയ നദി ഏതാണ്?

(A) ഗംഗ (B) യമുന

(C) കാവേരി (D) ബ്രഹ്മപുത്ര

27. ഇന്ത്യയുടെ ദേശീയഗീതം രചിച്ചത് ആര്?

(A) ജവഹർലാൽ നെഹ്റു (B) രവീന്ദ്രനാഥ ടാഗോർ

(C) ബങ്കിം ചന്ദ്ര ചാറ്റർജി (D) കബീർദാസ്

28. ഇന്ത്യയുടെ ദേശീയഗാനം ആലപിക്കാൻ എടുക്കേണ്ട സമയം എത്ര?

(A) 50 സെക്കന്റ് (B) 52 സെക്കന്റ്

(C) 54 സെക്കന്റ് (D) 56 സെക്കന്റ്

29. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രഥമ ചെയർമാൻ ആരായിരുന്നു?

(A) ടി.എൻ. ശേഷൻ (B) സുകുമാർ സെൻ

(C) ജസ്റ്റിസ് രംഗനാഥമിശ്ര (D) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ

30. 1990 ൽ വിവരാവകാശത്തിന് വേണ്ടിയുള്ള പ്രസ്ഥാനം ആരംഭിച്ച സംഘടന :

(A) ചിപ്കോ പ്രസ്ഥാനം

(B) ഭാരതീയ കിസാൻ യൂണിയൻ

(C) നർമ്മദാ ബച്ചാവോ ആന്ദോളൻ

(D) മസ്ദൂർ കിസാൻ ശക്തി സംഘതൻ

31. ചേരുംപടി ചേർത്ത് ശരിയായ ഉത്തരം എഴുതുക :

| | | | |
|---|---|---|---|
| 1. | ബ്രഹ്മസമാജം | i | ദയാനന്ദസരസ്വതി |
| 2. | ആര്യസമാജം | ii | ആത്മാറാം പാണ്ഡു രംഗെ |
| 3. | പ്രാർത്ഥനാസമാജം | iii | കേശവ് ചന്ദ്ര സെൻ |
| 4. | ബ്രഹ്മസമാജം ഓഫ് ഇന്ത്യ | iv | രാജാറാം മോഹൻ റോയ് |

(A) 1-iv, 2-i, 3-ii, 4-iii
(B) 1-ii, 2-iv, 3-i, 4-iii
(C) 1-i, 2-iii, 3-iv, 4-ii
(D) 1-iii, 2-i, 3-ii, 4-iv

32. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരമായിരുന്നു :

(A) ബർദോളി സത്യാഗ്രഹം (B) ഉപ്പു സത്യാഗ്രഹം
(C) നിസ്സഹകരണ സമരം (D) ക്വിറ്റ് ഇന്ത്യാ സമരം

33. സന്താൾ കലാപം നടന്ന വർഷം :

(A) 1854-1855 (B) 1855-1856
(C) 1856-1857 (D) 1857-1858

34. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്നറിയപ്പെടുന്ന പ്രദേശം :

(A) ഡൽഹി (B) മദ്രാസ്
(C) ബംഗാൾ (D) ബോംബെ

35. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ച ഏക മലയാളി ആരായിരുന്നു?

(A) കെ. കേളപ്പൻ (B) സി. ശങ്കരൻ നായർ
(C) കെ.പി. കേശവ മേനോൻ (D) പട്ടം താണുപിള്ള

36. ഒന്നാം സ്വാതന്ത്ര്യസമരം ആരംഭിച്ചത് എന്ന്?

(A) 1857 ഫെബ്രുവരി 10 (B) 1857 മാർച്ച് 10
(C) 1857 ഏപ്രിൽ 10 (D) 1857 മെയ് 10

37. ക്വിറ്റ് ഇന്ത്യാ ദിനം :

(A) ആഗസ്റ്റ് 5 1942 (B) ആഗസ്റ്റ് 6 1942
(C) ആഗസ്റ്റ് 8 1942 (D) ആഗസ്റ്റ് 9 1942

38. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നത് ആര്?

(A) ഖാൻ അബ്ദുൾ ഖാഫർ ഖാൻ
(B) മൗലാനാ അബുൾ കലാം ആസാദ്
(C) മുഹമ്മദാലി ജിന്ന
(D) മുഹമ്മദ് അബ്ദു റഹിമാൻ

39. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഗോവ പോർട്ടുഗീസുകാരിൽ നിന്ന് വീണ്ടെടുക്കുന്നതിനായി ഇന്ത്യ നടത്തിയ സൈനീകമുന്നേറ്റം അറിയപ്പെടുന്നത് :

(A) ഓപ്പറേഷൻ ബ്ലൂസ്റ്റാർ
(B) ഓപ്പറേഷൻ വിജയ്
(C) ഓപ്പറേഷൻ ഗംഗ
(D) ഓപ്പറേഷൻ ഗോവ

40. സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ ചെയർമാൻ :

(A) ഫസ്സൽ അലി
(B) സർദാർ വല്ലഭായ് പട്ടേൽ
(C) ഡോ. രാജേന്ദ്ര പ്രസാദ്
(D) ജവഹർലാൽ നെഹ്റു

41. കേരളത്തിന്റെ ഹരിത ശ്വാസകോശം എന്നറിയപ്പെടുന്ന പക്ഷി സങ്കേതം :

(A) മംഗളവനം
(B) ആറളം വന്യജീവി സങ്കേതം
(C) ചിന്നാർ വന്യജീവി സങ്കേതം
(D) കുറിഞ്ഞിമല വന്യജീവി സങ്കേതം

42. സിംഹവാലൻ കുരങ്ങുകളുടെ ആവാസവ്യവസ്ഥയായി നിലനിർത്തുന്നത് :

(A) ദേവികുളം ദേശീയോദ്യാനം
(B) പെരിയാർ വന്യജീവി സങ്കേതം
(C) സൈലന്റ്‌വാലി ദേശീയോദ്യാനം
(D) മതികെട്ടാൻ മല

43. കേരളത്തിലെ ഏക ശുദ്ധജല തടാകം :

(A) വേമ്പനാട്ടു കായൽ
(B) ശാസ്താംകോട്ട കായൽ
(C) അഷ്ടമുടി കായൽ
(D) പെരിയാർ

44. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി :

(A) മലമ്പുഴ
(B) പെരിങ്ങൽക്കുത്ത്
(C) പള്ളിവാസൽ
(D) ഇടുക്കി

45. മത്സ്യബന്ധനം ഏറ്റവും കൂടുതലുള്ള ജില്ല :

(A) എറണാകുളം
(B) തൃശ്ശൂർ
(C) കോഴിക്കോട്
(D) ആലപ്പുഴ

46. കേരളത്തിലെ ഏക ചന്ദന നിർമ്മാണ ഡിവിഷൻ :

(A) തേക്കടി
(B) മൂന്നാർ
(C) മറയൂർ
(D) നിലമ്പൂർ

47. കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടണങ്ങൾ ഉള്ള ജില്ല ഏതാണ്?

(A) പാലക്കാട് (B) തിരുവനന്തപുരം
(C) എറണാകുളം (D) തൃശ്ശൂർ

48. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി :

(A) ഭാരതപ്പുഴ (B) പെരിയാർ
(C) പമ്പ (D) കബനി

49. കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല ഏത്?

(A) കോഴിക്കോട് (B) മലപ്പുറം
(C) എറണാകുളം (D) കോട്ടയം

50. സംസ്ഥാനത്ത് 8 നും 18 നും ഇടയിലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നല്കാൻ കേരളസർക്കാർ നടപ്പിലാക്കിയ പദ്ധതി ഏതാണ്?

(A) സ്പ്രിന്റ് (B) ഹൂപ്പ്
(C) കിക്ക് ഓഫ് (D) സ്പ്ലാഷ്

51. തിരുവിതാംകൂർ മുസ്ലീം മഹാജനസഭയുടെ സ്ഥാപകൻ ആരാണ്?

(A) വക്കം അബ്ദുൾ ഖാദർ മൗലവി (B) അലി മുസലിയാർ
(C) മുഹമ്മദ് അബ്ദു റഹിമാൻ (D) ഖാൻ അബ്ദുൾ ഖാഫർ ഖാൻ

52. താഴെപ്പറയുന്നവയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ മുന്നേറ്റങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

(A) കയ്യൂർ ലഹള (B) മലബാർ കലാപം
(C) ഉപ്പു സത്യാഗ്രഹം (D) വേലുത്തമ്പി കലാപം

53. ''ആദിഭാഷ'' എന്ന ഗ്രന്ഥം എഴുതിയത് :

(A) ശ്രീനാരായണ ഗുരു (B) അയ്യങ്കാളി
(C) ചട്ടമ്പി സ്വാമികൾ (D) സഹോദരൻ അയ്യപ്പൻ

54. പൂക്കോട്ടൂർ സംഭവം ഏതു സമരവുമായി ബന്ധപ്പെട്ടതാണ്?

(A) വൈക്കം സത്യാഗ്രഹം (B) മലബാർ കലാപം
(C) പുന്നപ്ര വയലാർ സമരം (D) ചാന്നാർ ലഹള

55. താഴെപ്പറയുന്നവയിൽ ഗ്രൂപ്പിൽപ്പെടാത്തത് ഏത്?

(A) ദൈവദശകം (B) ദർശനമാല
(C) ശിവശതകം (D) നിജാനന്ദവിലാസം

56. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രം ഏതായിരുന്നു?

(A) പയ്യന്നൂർ
(B) തളിപ്പറമ്പ്
(C) വടകര
(D) കൊയിലാണ്ടി

57. ഇലക്ട്രിസിറ്റി പ്രക്ഷോഭം നടന്നതെവിടെ?

(A) തിരുവനന്തപുരം 1936
(B) തൃശ്ശൂർ 1936
(C) എറണാകുളം 1936
(D) ആലപ്പുഴ 1936

58. സാധുജന പരിപാലനയോഗം സ്ഥാപിച്ചതാരാണ്?

(A) ശ്രീനാരായണ ഗുരു
(B) അയ്യങ്കാളി
(C) കുമാരഗുരു
(D) സഹോദരൻ അയ്യപ്പൻ

59. കേരളലിങ്കൺ എന്നറിയപ്പെടുന്ന സാമൂഹ്യപരിഷ്ക്കർത്താവ് :

(A) വൈകുണ്ഠസ്വാമികൾ
(B) ചട്ടമ്പിസ്വാമികൾ
(C) വി.ടി. ഭട്ടതിരിപ്പാട്
(D) പണ്ഡിറ്റ് കുറുപ്പൻ

60. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് നടന്ന ഒരു പ്രധാന സംഭവമാണ് :

(A) വിമോചന സമരം
(B) സത്യാഗ്രഹം
(C) പന്തിഭോജനം
(D) സവർണ്ണജാഥ

61. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് മനുഷ്യനിലെ പ്രധാന വിസർജ്ജന അവയവം?

(A) വൃക്കകൾ
(B) ത്വക്ക്
(C) കരൾ
(D) ശ്വാസകോശം

62. ശ്വസന പ്രവർത്തനങ്ങളിൽ നിശ്വാസസമയത്ത് നടക്കുന്ന പ്രക്രിയകളിൽ ശരി ഏതെന്ന് കണ്ടെത്തുക :

1. ശ്വാസകോശങ്ങളിൽ നിന്ന് വായു പുറംതള്ളപ്പെടുന്നു
2. ഔരസാശയത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നു
3. ഔരസാശയത്തിലെ വായുമർദ്ദം കൂടുന്നു
4. ഔരസാശയത്തിലെ വായുമർദ്ദം കുറയുന്നു

(A) 1, 2 എന്നിവ മാത്രം
(B) 2, 3 എന്നിവ മാത്രം
(C) 1, 3 എന്നിവ മാത്രം
(D) 1, 4 എന്നിവ മാത്രം

63. ഏത് ജീവകത്തിന്റെ അപര്യാപ്തതയാണ് 'റിക്കറ്റ്സ്' എന്ന രോഗത്തിന് കാരണം?

(A) ജീവകം എ
(B) ജീവകം സി
(C) ജീവകം ബി
(D) ജീവകം ഡി

64. ചുവടെ തന്നിരിക്കുന്നവയിൽ ഏതാണ് വൈറസ് കാരണം ഉണ്ടാകുന്ന രോഗങ്ങൾ :

(A) ക്ഷയം, നിപ
(B) നിപ, എയ്ഡ്സ്
(C) എയ്ഡ്സ്, മലേറിയ
(D) ക്ഷയം, എയ്ഡ്സ്

65. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി അവയെ ജനസൗഹൃദമാക്കുന്ന നവകേരള ദൗത്യത്തിന്റെ ഭാഗമായ പദ്ധതി ഏത്?

(A) കാരുണ്യ
(B) ആർദ്രം
(C) താലോലം
(D) ഇവയൊന്നുമല്ല

66. ചുവടെ ചേർത്തിരിക്കുന്ന വാതകങ്ങളിൽ ഹരിതഗൃഹവാതകം അല്ലാത്തത് ഏത്?

(A) കാർബൺ ഡൈ ഓക്സൈഡ്
(B) നൈട്രജൻ
(C) മീഥേൻ
(D) ക്ലോറോ ഫ്ലൂറോ കാർബൺ

67. വനനശീകരണത്തിന് കാരണമാകാത്തത് ഏത്?

(A) റോഡുകളുടെ നിർമ്മാണം
(B) ഇന്ധനത്തിന്റെ വർദ്ധിച്ച ആവശ്യകത
(C) വ്യാവസായിക വളർച്ച
(D) സസ്യപരിപാലനം

68. ചുവടെയുള്ളവയിൽ വനത്തിൽ നിന്നും ലഭിക്കാത്ത ഉത്പന്നം ഏത്?

(A) പശ
(B) പ്ലൈവുഡ്
(C) പെട്രോൾ
(D) മെഴുക്

69. കേരളത്തിലെ മണ്ണുത്തിയിൽ വികസിപ്പിച്ചെടുത്ത മികച്ച പാവൽ വിത്തിനം ഏത്?

(A) പവിത്ര
(B) പ്രിയങ്ക
(C) അർക്ക
(D) മുക്തി

70. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) എവിടെ സ്ഥിതിചെയ്യുന്നു?

(A) കോഴിക്കോട്
(B) കാസർഗോഡ്
(C) കോട്ടയം
(D) ഇടുക്കി

71. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക :

1. ഒരാറ്റത്തിലെ നെഗറ്റീവ് ചാർജ്ജുള്ള കണമാണ് ഇലക്ട്രോൺ
2. ഒരാറ്റത്തിലെ ന്യൂക്ലിയോണുകളുടെ എണ്ണമാണ് അതിന്റെ മാസ് നമ്പർ
3. ആറ്റത്തിന്റെ ന്യൂക്ലിയസ് കണ്ടെത്തിയത് റൂഥർ ഫോർഡ് ആണ്
4. ഒരേ ആറ്റോമിക നമ്പറും വ്യത്യസ്ത മാസ് നമ്പറും ഉള്ള ഒരേ മൂലകത്തിന്റെ വ്യത്യസ്ത ആറ്റങ്ങളാണ് ഐസോബാറുകൾ

(A) 1, 2 എന്നിവ
(B) 2, 4 എന്നിവ
(C) 2, 3 എന്നിവ
(D) 4 മാത്രം

**72.** സിങ്ക് ബ്ലെൻഡിന്റെ സാന്ദ്രണത്തിന് ഉപയോഗിക്കുന്ന മാർഗ്ഗം :

(A) കാന്തിക വിഭജനം
(B) ജലപ്രവാഹത്തിൽ കഴുകൽ
(C) പ്ലവന പ്രക്രിയ
(D) ലീച്ചിങ്

**73.** കാൽസ്യത്തിന്റെ ( $_{20}Ca$) ബാഹ്യതമ ഷെല്ലിന്റെ നമ്പറെത്ര?

(A) 4
(B) 2
(C) 3
(D) 1

**74.** ഡ്യൂട്ടീരിയത്തിലുള്ള ന്യൂട്രോണുകളുടെ എണ്ണം :

(A) 0
(B) 1
(C) 2
(D) 3

**75.** ഭക്ഷണ പദാർത്ഥങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ചേർക്കുന്ന രാസവസ്തു :

(A) സാക്കറിൻ
(B) സോഡിയം ബെൻസോയേറ്റ്
(C) സോഡിയം ഹൈഡ്രോക്സൈഡ്
(D) സോഡിയം കാർബണേറ്റ്

**76.** ചലിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുവിന്റെ പ്രവേഗം ഇരട്ടിയായി വർദ്ധിപ്പിച്ചാൽ അതിന്റെ ഗതികോർജ്ജത്തിന് എന്ത് മാറ്റം സംഭവിക്കും?

(A) രണ്ടിരട്ടിയാകും
(B) നാലിരട്ടിയാകും
(C) ഗതികോർജ്ജം പൂജ്യം ആകും
(D) മാറ്റമൊന്നും സംഭവിക്കില്ല

**77.** ഒരു വസ്തുവിൽ ഭൂമി പ്രയോഗിക്കുന്ന ആകർഷണ ബലം ആണ് :

(A) സാന്ദ്രത
(B) പിണ്ഡം
(C) ഭാരം
(D) ഇവയൊന്നുമല്ല

**78.** സോളാർ എനർജിയെ ഇലക്ട്രിക്കൽ എനർജിയായി മാറ്റി പ്രവർത്തിക്കുന്ന ഉപകരണം :

(A) സോളാർ വാട്ടർ ഹീറ്റർ
(B) മൈക്രോഫോൺ
(C) ഇലക്ട്രിക് ജനറേറ്റർ
(D) ഡൈനാമോ

**79.** താഴെ കൊടുത്തിരിക്കുന്നവയിൽ തരംഗദൈർഘ്യം കൂടിയത് ഏത് നിറത്തിനാണ്?

(A) ഓറഞ്ച്
(B) നീല
(C) പച്ച
(D) വയലറ്റ്

**80.** ഊഷ്മാവ് അളക്കുന്ന ഒരു യൂണിറ്റ് ആണ് :

(A) ജൂൾ
(B) കെൽവിൻ
(C) വാട്ട്
(D) ഡൈൻ

81. കൂട്ടത്തിൽ പെടാത്ത സംഖ്യ ഏത്?

(A) 36 (B) 100
(C) 125 (D) 9

82. 13.01 + 14.032 – 10.43 =

(A) 16.612 (B) 16.606
(C) 15.066 (D) 16.660

83. ദൂരം : കിലോമീറ്റർ : : കോൺ :

(A) ചാപം (B) ഡിഗ്രി
(C) ത്രികോണം (D) പ്രൊട്രാക്ടർ

84. അടുത്ത സംഖ്യ ഏതെന്നു കണ്ടുപിടിക്കുക :

7, 11, 19, 31, 47, ———

(A) 57 (B) 78
(C) 59 (D) 67

85. ഒരു മാസത്തിലെ 3-ാം തീയ്യതി വെള്ളിയാഴ്ച ആണെങ്കിൽ ആ മാസത്തിലെ 21-ാം തീയ്യതിക്ക് ശേഷമുള്ള 4-ാം ദിവസം ഏതാണ്?

(A) ശനി (B) ബുധൻ
(C) വെള്ളി (D) തിങ്കൾ

86. സരളയുടെ റാങ്ക് മുകളിൽ നിന്ന് 9 ഉം താഴെ നിന്ന് 38 ഉം ആണെങ്കിൽ ക്ലാസ്സിൽ ആകെ എത്ര കുട്ടികൾ ഉണ്ട്?

(A) 45 (B) 46
(C) 47 (D) 44

87. രണ്ടു സംഖ്യകളുടെ ല.സാ.ഗു. 7700 ഉം ഉ.സാ.ഘ. 11 ഉം ആണ്. അതിൽ ഒരു സംഖ്യ 275 ആണെങ്കിൽ മറ്റേ സംഖ്യ ഏത്?

(A) 279 (B) 283
(C) 308 (D) 318

88. $44\frac{1}{3}+10\frac{1}{3}-8\frac{1}{3}=$

(A) $46\frac{1}{3}$ (B) $43\frac{1}{3}$
(C) $32\frac{1}{3}$ (D) $38\frac{1}{3}$

89. വാർഷിക പരീക്ഷയിൽ അമ്മുവിന് കണക്ക്, സയൻസ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് കിട്ടിയ മാർക്കുകൾ യഥാക്രമം 32, 45, 50, 28, 40 എന്നിവയാണ്. എങ്കിൽ അമ്മുവിന് കിട്ടിയ ശരാശരി മാർക്കെത്ര?

(A) 77 (B) 68
(C) 39 (D) 40

90. 15625 എന്ന സംഖ്യയുടെ വർഗ്ഗമൂലം കാണുക :

(A) 125 (B) 225
(C) 75 (D) 155

91. 240 മീറ്റർ നീളമുള്ള ഒരു ട്രെയിൻ ഒരു പോസ്റ്റ് കടന്നുപോകുന്നതിന് വേണ്ട സമയം 24 സെക്കന്റ് ആണ് എങ്കിൽ 750 മീറ്റർ നീളമുള്ള പ്ലാറ്റ്ഫോം കടന്നു പോകുന്നതിന് എത്ര സമയം വേണം?

(A) 96 സെക്കന്റ്
(B) 89 സെക്കന്റ്
(C) 76 സെക്കന്റ്
(D) 99 സെക്കന്റ്

92. ഫോട്ടോയിലെ പുരുഷനെ ചൂണ്ടിക്കൊണ്ട് ഒരു സ്ത്രീ പറഞ്ഞു "അയാളുടെ സഹോദരന്റെ അച്ഛൻ എന്റെ മുത്തശ്ശന്റെ ഒരേ ഒരു മകനാണ്". ഫോട്ടോയിലെ പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം എന്ത്?

(A) പുത്രൻ
(B) പുത്രി
(C) സഹോദരൻ
(D) അച്ഛൻ

93. "SAD = 814", "CAT = 317", "EAR = 519" ആയാൽ "DEAR" നെ സൂചിപ്പിക്കുന്ന സംഖ്യ ഏത്?

(A) 8147
(B) 4519
(C) 4187
(D) 5419

94. 500 രൂപ വിലയുള്ള കസേര 10% ഡിസ്കൗണ്ട് അനുവദിച്ചു വിറ്റാൽ നഷ്ടം എത്ര?

(A) 15 രൂപ
(B) 40 രൂപ
(C) 50 രൂപ
(D) 60 രൂപ

95. $3^3 \times 2 - 4 + 14 =$

(A) 60
(B) 46
(C) 28
(D) 64

96. റാണിയുടെ വയസ്സിനേക്കാൾ 10 കൂടുതലാണ് രവിയുടെ വയസ്സ്. രവിയുടെ വയസ്സിനേക്കാൾ 8 കുറവാണ് സുമയുടെ വയസ്സ്. സുമയുടെ വയസ്സ് 64 ആണെങ്കിൽ റാണിയുടെ വയസ്സ് എത്ര?

(A) 82
(B) 66
(C) 56
(D) 62

97. ഒറ്റയാനെ കണ്ടെത്തുക :

(A) 100
(B) $10^2$
(C) $4^2 + 3^2$
(D) $6^2 + 8^2$

98. "\$ = ×"; "@ = –"; "# = +"; "% = ÷" ആയാൽ 23 \$ 25 % 5 # 10 @ 3 =

(A) 122
(B) 124
(C) 114
(D) 285

99. $19x^3 = 216$ ആയാൽ $x$ എത്ര?

(A) 4
(B) 5
(C) 6
(D) 8

100. 27 : 3 : : 1000 :

(A) 10
(B) 5
(C) 100
(D) 90

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK